**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 822** **24-02-2022 - ൽ മറുപടിയ്ക്ക്**

**പട്ടിക വർഗ വിഭാഗങ്ങളുടെ ഉന്നമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടിക വർഗ ഗോത്ര വിഭാഗങ്ങളുടെ ഉന്നമനത്തിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ ചെലവഴിക്കുന്ന ഫണ്ട് അർഹമായ കരങ്ങളിൽ എത്തുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പ്രസ്തുത വിഭാഗത്തിനായി എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ നടപ്പിലാക്കി വരുന്നത്; വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതി വിവരങ്ങൾ ചുവടെ ചേർക്കുന്നു. (എ) വിദ്യാഭ്യാസം • വിദ്യാഭ്യാസ സ്കോളർഷിപ്പ് • ഹോസ്റ്റലുകൾ / എം.ആർ.എസ്സുകൾ • പ്രീപ്രൈമറി വിദ്യാഭ്യാസം • ഗോത്രബന്ധു • സാമൂഹിക പഠനമുറി • ലാപ്ടോപ്പ് • കോളനികളിൽ ഇന്റർനെറ്റ് സൗകര്യം • വിദേശപഠനത്തിനുള്ള സ്കോളർഷിപ്പ് (ബി) ആരോഗ്യ സംരക്ഷണ പദ്ധതികൾ • സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി • ചികിത്സാ സഹായം • സിക്കിൾസെൽ അനീമിയ രോഗികൾക്കുള്ള സാമ്പത്തിക സഹായം • മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ • ഒ.പി. ക്ലിനിക്കുകളും ആയുർവേദ ഡിസ്പെൻസറികളും • ആംബുലൻസ് സേവനം • ജനനി ജന്മരക്ഷാ പദ്ധതി (സി) സാമൂഹിക-സാമ്പത്തിക വികസന പദ്ധതികൾ • കൈത്താങ്ങ് പദ്ധതി • ലൈഫ് മിഷൻ മുഖേന ഭവന നിർമ്മാണം • ഭൂമി വിതരണവും ഭവന നവീകരണവും • അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം • പി.കെ.കാളൻ കുടുംബ പദ്ധതി • ഭക്ഷ്യ സുരക്ഷാ പദ്ധതികൾ • മില്ലെറ്റ് വില്ലേജ് പദ്ധതി • പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമങ്ങൾ • തൊഴിലുറപ്പ് പദ്ധതിയിൽ കേരള ട്രൈബൽ പ്ലസ് പദ്ധതി • തൊഴിലും നൈപുണ്യ പരിശീലനവും (ITI കളിലെ തൊഴിൽ പരിശീലനം) |
| (സി) | ആദിവാസി കോളനികളിലേക്കുള്ള റോഡ്, വൈദ്യുതി ,വെള്ളം മറ്റ് അടിസ്ഥാന സൗകര്യങ്ങൾ | (സി) | വിവരം ശേഖരിച്ച് നൽകുന്നതാണ്. |

| | | | |
|---|---|---|---|
| | എന്നിവ വർദ്ധിപ്പിക്കുന്നതിനായി 2016 മുതൽ നാളിതു വരെയായി അനുവദിച്ച തുകയും അതിൻപ്രകാരം പൂർത്തീകരിച്ച പ്രവൃത്തികളും ഏതെല്ലാമെന്ന് ജില്ല തിരിച്ച് വെളിപ്പെടുത്തുമോ; | | |
| (ഡി) | ഭൂരഹിതരും ഭൂമിയുള്ളവരുമായ ആദിവാസികൾക്ക് വീട് നിർമിച്ച് നൽകുന്ന പദ്ധതിയിൻ കീഴിൽ എത്ര കുടുംബങ്ങൾക്ക് വീട് വച്ച് നൽകിയെന്നും ഓരോ വീടിനും സ്ഥലം വാങ്ങുന്നതിനും അനുവദിച്ച തുക എത്രയാണെന്നും അറിയിക്കാമോ; | (ഡി) | വിവരം ശേഖരിച്ച് നൽകുന്നതാണ് |
| (ഇ) | പാതി വഴിയിൽ ഉപേക്ഷിച്ച ഏറനാട് മണ്ഡലത്തിലെ ചാലിയാർ പാലക്കയം ആദിവാസി കോളനി റോഡ് നിർമാണം പൂർത്തീകരിക്കുന്നതിനായി വർക്കിങ് കമ്മിറ്റി തയാറാക്കിയ എസ്റ്റിമേറ്റിന്മേൽ എന്ത് തുടർനടപടി സ്വീകരിച്ചുവെന്നും എപ്പോൾ പൂർത്തീകരിക്കുമെന്നും അറിയിക്കാമോ? | (ഇ) | പാലക്കയം ആദിവാസി കോളനി റോഡ് നിർമ്മിക്കുന്നതിനായി നിലമ്പൂർ ബ്ലോക്ക് അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയ 2,60,00,000/- രൂപയുടെ എസ്റ്റിമേറ്റ് ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് അംഗീകാരത്തോടു കൂടി സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ് സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം ലഭ്യമാക്കി ഫണ്ട് ഉൾപ്പെടെ നിലമ്പൂർ പ്രോജക്ട് ഓഫീസറിന് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ